"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം കുണ്ടറ എം.ജി.ഡി.എച്ച്.എസ്. ഫോർ ബോയ്സ്-ലെ എച്ച്.എസ്.എ. (അറബിക്) ശ്രീ.അബ്ദുൽ വാഹിദ് കുട്ടി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.38323/2015 ന്റെ 19/03/2024-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.9718/2025/GEDN തീയതി,തിരുവനന്തപുരം, 15-11-2025

---

പരാമർശം:-

1. ബഹു. കേരള ഹൈക്കോടതിയുടെ WP(C)No.38323/2015 മേലുള്ള 19/03/2024 തീയതി വിധിന്യായം.
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 26/09/2024 തീയതിയിലെ ഇ.റ്റി1/16484/2024/ഡി.ജി.ഇ നമ്പർ കത്ത്
3. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 29/09/2024 തീയതിയിലെ ഡിഡി.ഇ / ബി 3/1603/24 നമ്പർ കത്ത്
4. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/10/2024 തീയതിയിലെ ബി6/1511/2024/ഡിഇഒ നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം കുണ്ടറ എം.ജി.ഡി.എച്ച്.എസ്. ഫോർ ബോയ്സ്-ലെ എച്ച്.എസ്.എ. (അറബിക്) ശ്രീ.അബ്ദുൽ വാഹിദ് കുട്ടി ഫയൽ ചെയ്ത **WP(C)No.38323/2015**-ന്മേൽ ബഹു. ഹൈക്കോടതി **19.03.2024** തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, **EXT P7 (G.O.(Rt)No.3756/2015/GEDN dated 03.09.2015) set aside** ചെയ്യുകയും, ഹർജിക്കാരനെ കേൾക്കുന്നതിനും ടിയാന്റെ ആവശ്യം പുനഃപരിശോധിക്കുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ, ഹിയറിംഗ് ഓഫീസർ ബന്ധപ്പെട്ട കക്ഷികളെ **10.10.2024** തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

**2.**ഹർജിക്കാരനായ ശ്രീ.അബ്ദുൽ വാഹിദ് കുട്ടിയുടെ അപേക്ഷ ഇപ്രകാരമാണ്:

കൊല്ലം വിദ്യാഭ്യാസ ആഫീസറുടെ അധികാരപരിധിയിലുള്ള കുണ്ടറ എം.ജി.ഡി. ബോയ്സ് ഹൈസ്കൂളിൽ എച്ച്.എസ്.ടി.(അറബിക്) ആയി ജോലി നോക്കവേ, **31.03.2016**-ൽ ഞാൻ റിട്ടയർ ചെയ്തു. സ്കൂൾ മാനേജർ ഹർജിക്കാരനെ **14.09.1981** മുതൽ **31.03.1982** വരെ പാർട്ട് ടൈം എൽ.ജി.അറബിക്

അദ്ധ്യാപകനായി കുണ്ടറ എം.ജി.ഡി.എച്ച്.എസ്.-ൽ ആദ്യമായി നിയമിക്കുകയും പ്രസ്തുത നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ഉത്തരവ് നം. ബി2/163557/81 തീയതി 14.10.1981 പ്രകാരം അംഗീകരിച്ചിട്ടുള്ളതുമാണ്. തുടർന്ന്, 01.06.1982 മുതൽ തുടർച്ചയായി ഹർജിക്കാരനെ പാർട്ട് ടൈം എൽ.ജി.അറബിക് അദ്ധ്യാപകനായി മാനേജർ നിയമിക്കുകയും ടി നിയമനവും കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചു. സ്കൂളിൽ പാർട്ട് ടൈം എൽ.ജി. അറബിക് അദ്ധ്യാപകനായി തുടരവേ എനിക്ക് തിരുവനന്തപുരം വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം ഡിപ്പാർട്ട്മെന്റ് ക്വാട്ടയിൽ എൽ.ടി.ടി. കോഴ്സിന് സെലക്ഷൻ ലഭിച്ചു.

02.07.1984 മുതൽ 31.03.1985 വരെ നിശ്ചിത ട്രെയിനിംഗ് ഞാൻ പൂർത്തിയാക്കി. 01.04.1985-ൽ ഞാൻ മാതൃവിദ്യാലയത്തിൽ ജോലിയിൽ പ്രവേശിക്കാൻ എത്തിയപ്പോൾ ഹെഡ്മാസ്റ്റർ എന്നെ ഒപ്പ് ഇടാൻ സമ്മതിച്ചില്ല. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിശോധനയിൽ ടി സ്കൂളിൽ നിലനിന്നിരുന്ന പാർട്ട് ടൈം എൽ.ജി. അറബിക് അദ്ധ്യാപക തസ്തിക ഒരു കുട്ടിയുടെ കുറവുമൂലം റദ്ദാക്കപ്പെട്ടു. 02.07.1984-ൽ ഞാൻ എൽ.ടി.ടി. ട്രെയിനിംഗിന് പോയ ഒഴിവിൽ 23.07.1984 മുതൽ ശ്രീമതി എ.ഐഷാബീവിയെ പാർട്ട് ടൈം എൽ.ജി.അറബിക് ടീച്ചർ ആയി മാനേജർ നിയമിച്ചു. വിദ്യാഭ്യാസ ആഫീസർമാർ ടിയാരുടെ നിയമനം നിരസിച്ചു. 17.11.2003-ലെ സർക്കാർ ഉത്തരവ് മുഖാന്തരം ഒരു കുട്ടിയുടെ കുറവ് മാപ്പാക്കുകയും സ്കൂളിലെ എൽ.ജി.അറബിക് തസ്തിക അംഗീകരിച്ചു പുനസ്ഥാപിക്കുകയും ചെയ്തു. അതിനാൽ ശ്രീമതി എ.ഐഷാബീവിയുടെ നിയമനം അംഗീകരിക്കുകയും 31.03.1985 വരെയുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുകയും ചെയ്തു.

സ്കൂളിൽ നിലനിന്നിരുന്ന എൽ.ജി.അറബിക് തസ്തിക ഒരു കുട്ടിയുടെ കുറവുമുലം റദ്ദാക്കിയത് 1984-85 വർഷത്തിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനസ്ഥാപിക്കപ്പെട്ടത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. 1984-85 വർഷത്തെ തസ്തിക നിർണയ ഉത്തരവിന് 14.07.1985 വരെ സാധുത ഉണ്ട് എന്ന കാര്യം വ്യക്തമാണ്. അതിനാൽ എൽ.ടി.ടി. ട്രെയിനിംഗ് കഴിഞ്ഞ് ഞാൻ തിരികെ ഡ്യൂട്ടിയിൽ ചേരാൻ വന്ന 01.04.1985-ൽ സ്കൂളിൽ പാർട്ട് ടൈം എൽ.ജി.അറബിക് തസ്തിക നിലവിൽ ഉണ്ടായിരുന്നു.

മേൽപറഞ്ഞ സാഹചര്യത്തിൽ, 01.06.1982 മുതൽ സേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകൻ എന്ന കാര്യം പരിഗണിച്ചു കൊണ്ട് എനിക്ക് 01.04.1985-ൽ സേവനത്തിൽ തിരികെ പ്രവേശിക്കുന്നതിന് അർഹതയുള്ളതും 01.04.1985 മുതൽ 31.05.1985 വരെയുള്ള കാലയളവിൽ വെക്കേഷൻ ശമ്പളവും മറ്റ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്.

1985-86 അദ്ധ്യയന വർഷത്തിൽ സ്കൂളിൽ ഒരു എച്ച്.എസ്.ടി (അറബിക്)-ന്റെ തസ്തിക ലഭിക്കുമെന്ന പ്രതീക്ഷയിൽ സ്കൂൾ മാനേജർ എന്നെ എച്ച്.എസ്.ടി. (അറബിക്) ആയി 01.06.1985 മുതൽ നിയമിക്കുകയും ഞാൻ 1985-86 വർഷത്തിൽ എച്ച്.എസ്.എ. (അറബിക്) ആയി ജോലി ചെയ്യുകയും ചെയ്തു. കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ, യു.പി., എച്ച്.എസ്. സെക്ഷനുകളിലെ അറബിക് പഠിക്കുന്ന കുട്ടികളുടെ എണ്ണം പരിഗണിച്ചുകൊണ്ട് എച്ച്.എസ്.എ. (അറബിക്) ഫുൾ ടൈം തസ്തിക 1985-86 വർഷത്തേക്ക് അനുവദിച്ചു.

തുടർന്നുള്ള ഹയർലെവൽ പരിശോധനയിൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ 1984-85-ൽ അറബിക് തസ്തിക (L.G.) നിലനിന്നിരുന്നില്ല എന്ന കാരണം പറഞ്ഞ് എച്ച്.എസ്.എ. (അറബിക്) തസ്തിക റദ്ദാക്കി. ടി പ്രസ്താവന സത്യവിരുദ്ധമാണ്. 17.11.2003-ലെ ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം എൽ.ജി.അറബിക് തസ്തിക 1984-85-ൽ പുനഃസ്ഥാപിക്കുകയും പ്രസ്തുത തസ്തികയിൽ ജോലി ചെയ്ത ശ്രീമതി എ.ഐഷാബീവിയുടെ നിയമനം 23.07.1984 മുതൽ 31.03.1985 വരെ അംഗീകരിക്കുകയും എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും നൽകിയിട്ടുള്ളതുമാണ്.

1985-86 വർഷത്തിൽ യു.പി., എച്ച്.എസ്. സെക്ഷനുകൾ ചേർന്നുകൊണ്ട് അറബിക് വിഷയത്തിന് 20 പിരീഡുകൾ (യു.പി-12, എച്ച്.എസ്-8) ഉണ്ടായിരുന്നിട്ടും അറബിക് തസ്തിക അനുവദിച്ചിരുന്നില്ല. ടി സ്കൂളിൽ 1985-86-ൽ എച്ച്.എസ്.ടി. (അറബിക്) തസ്തികയ്ക്ക് അർഹതയുണ്ട്. കെ.ഇ.ആർ. അദ്ധ്യായം XXIII റൂൾ 12ബി പ്രകാരം "the appointments made in anticipation of sanction of additional posts, such posts shall be deemed to have been created from the date of appointment". അതിനാൽ സ്കൂൾ മാനേജർ എന്നെ 01.06.1985 മുതൽ എച്ച്.എസ്.എ.(അറബിക്) ആയി നിയമിക്കുകയും എന്റെ കർത്തവ്യങ്ങൾ ഞാൻ കൃത്യമായി നിർവഹിക്കുകയും ചെയ്തതിനാൽ എനിക്ക് 01.06.1985 മുതൽ എച്ച്.എസ്.എ.(അറബിക്) അദ്ധ്യാപകനായി അംഗീകാരത്തിന് അർഹതയുണ്ട്.

എന്റെ ആദ്യ നിയമനം 14.09.1981 മുതൽ 31.03.1982 വരെ പാർട്ട് ടൈം എൽ.ജി. അറബിക് അദ്ധ്യാപകനായിട്ടായിരുന്നു. പ്രസ്തുത നിയമനം ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചിട്ടുണ്ട്. പിന്നിട് 01.06.1982 മുതൽ തുടർച്ചയായി എന്നെ പാർട്ട് ടൈം എൽ.ജി.അറബിക് തസ്തികയിൽ നിയമനം നടത്തി ജോലി ചെയ്തുവന്നു. കെ.ഇ.ആർ. അദ്ധ്യായം XIVA റൂൾ 61(4) പ്രകാരം "all duties in a post on a time scale whether continuous or interrupted shall count for increment in that scale". അതിനാൽ പാർട്ട് ടൈം അറബിക് തസ്തികയിലെ എന്റെ സേവനകാലമായ 14.09.1981 മുതൽ 31.03.1982 വരെയുള്ള കാലയളവ് ഇൻക്രിമെന്റ് അനുവദിക്കുന്നതിന് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

**28.04.2010**-ലെ ജി.ഒ.(എം.എസ്)**69/2010** ഖണ്ഡിക **2** പ്രകാരം ഞാൻ എൽ.ടി.ടി. ട്രെയിനിംഗിന് പങ്കെടുത്ത (ഡിപ്പാർട്ട്മെന്റ് ക്വോട്ട) **02.07.1984** മുതൽ **31.03.1985** വരെയുള്ള കാലയളവ് ഇൻക്രിമെന്റ് അനുവദിക്കുന്നതിന് അർഹതയുള്ളതാണ്, ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു. **15.07.1986** മുതൽ ഞാൻ എച്ച്.എസ്.എ (അറബിക്) ആയി ശമ്പളം സ്വീകരിച്ചിട്ടുള്ളതാണ്.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി **WP(C)N0.15204/2015**-ലെ **02.06.2015**-ലെ വിധിന്യായത്തിൽ ഒരു മാസത്തിനുള്ളിൽ പരാതിക്കാരനെ നേരിട്ടു കേൾക്കാനും തീരുമാനം കൈകൊള്ളാനും ഒന്നാം കക്ഷിയായ സർക്കാരിനോട് ആവശ്യപ്പെട്ടു. അതുപ്രകാരം സർക്കാർ പരാതിക്കാരനെ കേട്ടശേഷം പരാതിക്കാരനായ എന്റെ ആവശ്യങ്ങൾ അനുവദിക്കാൻ പറ്റുന്നതല്ല എന്ന് കാണിച്ച് ഉത്തരവ് **G.O.(Rt)No.3756/2015** തീയതി **03.09.2015**-ൽ പുറപ്പെടുവിച്ചു.

മേൽ ഉത്തരവിനെതിരെ ഞാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ **19.03.2024**-ലെ **WP(C)N0.38323/2015**-ലെ വിധിന്യായം പ്രകാരം **G.O.(Rt)No.3756/2015** തീയതി **03.09.2015** തള്ളുകയും, ഈ വിധിന്യായത്തിന്റെ പകർപ്പ് കിട്ടി അഞ്ച് മാസത്തിനകം പരാതിക്കാരനെ നേരിട്ടു കേൾക്കുകയും പരാതി വീണ്ടും പരിഗണിച്ച് തീരുമാനം എടുക്കുന്നതിന് ഒന്നാം കക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ആയതിനാൽ എന്റെ അപേക്ഷകൾ വീണ്ടും പരിഗണിച്ച്, എനിക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

അപേക്ഷകൾ

**I.** **G.O.(Rt)No.4681/GEDN DT 17.11.2003** പ്രകാരം ശ്രീമതി എ.ഐഷാബീവിക്ക് അംഗീകാരം നൽകിയ പാർട്ട് ടൈം എൽ.ജി.(അറബിക്) തസ്തികയിൽ എൽ.ടി.ടി. ട്രെയിനിംഗ് കഴിഞ്ഞ് എന്നെ **01.04.1985** മുതൽ വീണ്ടും പ്രവേശിക്കുന്നതിന് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

**II.** താഴെ പറയുന്ന കാര്യങ്ങൾ ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

**a)** **1985-86** വർഷത്തിൽ **UP** സെക്ഷനിൽ **12** പിരിയേഡും **HS** സെക്ഷനിൽ **8** പിരീയേഡും പരിഗണിച്ച് കുണ്ടറ എം.ജി.ഡി.ബോയ്സ് എച്ച്.എസ്.ൽ കൊല്ലം ജില്ലാ വിദ്യാഭ്യാസ ആഫീസർ അനുവദിച്ച് തന്നിട്ടുള്ള എച്ച്.എസ്.എ.(അറബിക്) തസ്തിക നിലനിർത്തി തരണമെന്ന് അപേക്ഷിക്കുന്നു.

**b)** കുണ്ടറ എം.ജി.ഡി. ബോയ്സ് എച്ച്.എസ്.ലെ എച്ച്.എസ്.എ. (അറബിക്) ആയിട്ടുള്ള എന്റെ നിയമനം **01.06.1985** മുതൽ **14.07.1986** വരെ അംഗീകരിച്ച് ഉത്തരവാകണമെന്നും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ചു ഉത്തരവാകണമെന്നും അപേക്ഷിക്കുന്നു.

**III.** ഇൻക്രിമെന്റ് അനുവദിക്കുന്നതിന് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

**a)** കെ.ഇ.ആർ. അദ്ധ്യായം **XIV A** റൂൾ **61(4)** പ്രകാരം പാർട്ട് ടൈം എൽ.ജി. അറബിക് ടീച്ചർ ആയി **14.09.1981** മുതൽ **31.03.1982** വരെ ജോലി ചെയ്ത കാലയളവ് ഇൻക്രിമെന്റിന് പരിഗണിക്കുന്നതിന് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

**b) G.O.(Ms)No.69/2010/G.Edn. dt. 28.04.2010** ഖണ്ഡിക **2** പ്രകാരം ഞാൻ ഡിപ്പാർട്ട്മെന്റ് ക്വോട്ടയിൽ എൽ.ടി.ടി ട്രെയിനിംഗിന് പോയ **02.07.1984** മുതൽ **31.03.1985** വരെയുള്ള കാലയളവ് ഇൻക്രിമെന്റിന് പരിഗണിച്ചു ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

**3.** പ്രഥമാധ്യാപകന്റെ റിപ്പോർട്ട് ഇപ്രകാരമാണ് :

ശ്രീ അബ്ദുൽ വാഹിദ് കുട്ടി കുണ്ടറ എം.ജി.ഡി. ബോയ്സ് ഹൈസ്കൂളിലെ അറബിക് **HSA** ആയിരുന്നു. **31-5-2016**-ൽ അദ്ദേഹം സർവ്വീസിൽനിന്നും വിരമിച്ചു. അദ്ദേഹത്തിന്റെ സേവനപുസ്തകം പരിശോധിച്ചതിൽ മനസ്സിലായ വിവരങ്ങൾ ചുവടെ നൽകുന്നു.

ലോവർ ഗ്രേഡ് പാർട്ടൈം അറബിക് അധ്യാപകനായി **14-9-1981**-ൽ സേവനത്തിൽ പ്രവേശിച്ചു. **14-9-1981** മുതൽ **31-03-1982** വരെയുള്ള നിയമനം കൊല്ലം ഡി.ഇ.ഒ.യുടെ **B2-163551/1981** -നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചു. വീണ്ടും ലോവർ ഗ്രേഡ് പാർട്ട് ടൈം അറബിക് അധ്യാപകനായി. **01-06-1982** മുതലുള്ള ടിയാളുടെ നിയമനം കൊല്ലം **DEO**-യുടെ **22-9-1982**-ലെ **B2/14290/1982** നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് ഇദ്ദേഹം **2-7-1984** മുതൽ **30-3-1985** വരെ കൊല്ലം **Govt. TTI**-യിൽ **Language Teachers Training Course**-ന് ചേർന്ന് പഠിച്ചിരുന്നതായി സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. **30-3-1985 FN** പ്രാബല്യത്തിൽ **Govt. TTI** യിൽനിന്നും വിടുതൽ ചെയ്യുകയും **30-03-1985 AN** പ്രാബല്യത്തിൽ സ്കൂളിൽ വന്നു ചേർന്നിട്ടുള്ളതായി ഹാജർ പുസ്തകത്തിൽ നിന്നും മനസിലാകുന്നു.

ശ്രീ അബ്ദുൽ വാഹിദ് കുട്ടി **LTT**-യ്ക്ക് പോയതിനു പകരം ടി തസ്തികയിൽ

നിയമിക്കപ്പെട്ട ശ്രീമതി ഐഷാ ബീവി എ.യുടെ 23-7-1984 മുതൽ 29-3-1985 വരെയുള്ള കാലത്തെ ശമ്പളമായി 3850/- 25-6-2004-ൽ മാറി നൽകിയിട്ടുള്ളതായി അക്വിറ്റൻസ് രജിസ്റ്ററിൽ നിന്നും മനസിലാകുന്നു. 23.7.1984 മുതൽ 29-3-1985 വരെയുള്ള നിയമനം അംഗീകരിക്കുന്നതിനു കാലതാമസം നേരിട്ടതു മൂലമാകാം ടി കാലത്തെ ശമ്പളം 25-6-2004-ൽ മാറി നൽകാൻ ഇടയായതെന്നു കരുതുന്നു. മാത്രമല്ല 1984-85 വർഷം തസ്തിക നിലനിന്നതുകൊണ്ടാകുമല്ലോ ടി കാലത്തേക്ക് ശമ്പളം മാറി നൽകിയിട്ടുള്ളതെന്നും കരുതുന്നു.

തുടർന്ന്, ശ്രീ അബ്ദുൽ വാഹിദ് കുട്ടിയുടെ HSA Arabic ആയിട്ടുള്ള നിയമനം 15-7-1986 മുതൽ അംഗീകരിച്ചുകൊണ്ട് കൊല്ലം DEO-യുടെ 2-6-1987-ലെ B4/7254/1987- നമ്പർ ഉത്തരവുണ്ടായിട്ടുണ്ട്. 1986-87 വർഷത്തെ തസ്തിക നിർണയ ഉത്തരവ് പ്രകാരം ഒരു HSA Arabic തസ്തിക പുതുതായി അനുവദിച്ചു നൽകിയിരുന്നു. ടി തസ്തികയിലാണ് ശ്രീ അബ്ദുൽ വാഹിദ് കുട്ടിയുടെ നിയമനം 15-7-1986 മുതൽ അംഗീകരിച്ചു നൽകിയിട്ടുള്ളതെന്ന് മനസിലാക്കുന്നു. 15-7-1986 മുതൽ ഉള്ള HSA സേവനകാലം കണക്കിലെടുത്ത് സമയബന്ധിത ഹയർ ഗ്രേഡുകളും ശമ്പളപരിഷ്കരണങ്ങളും ടിയാൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

4. പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇപ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു :

കൊല്ലം കുണ്ടറ എം.ജി.ഡി. ബോയ്സ് എച്ച്.എസ്.ൽ 14/09/1981 മുതൽ 31/03/1982 വരെ പാർട്ട് ടൈം എൽ.ജി. അറബിക് അധ്യാപകനായി ശ്രീ.അബ്ദുൾ വാഹിദ് കുട്ടിയെ കത്തോലിക്കേറ്റ് & MD സ്കൂൾ മാനേജർ നിയമിക്കുകയും ടി നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകുകയും ചെയ്തു. പിന്നീട് ടിയാളെ പാർട്ട് ടൈം എൽ.ജി. അറബിക് അധ്യാപകനായി 01/06/1982 മുതൽ നിയമിക്കുകയും ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫിസർ അംഗീകരിക്കുകയും ചെയ്തു. ടി സ്കൂളിൽ എൽ.ജി. അറബിക് അധ്യാപകനായി ജോലിയിൽ തുടരവെ 02/07/1984 മുതൽ 31/03/1985 വരെ എൽ.റ്റി.റ്റി. പരിശീലന കോഴ്സിലേക്ക് ഡിപ്പാർട്ട്മെന്റ് ക്വോട്ട മുഖാന്തരം ടിയാനെ തെരഞ്ഞെടുക്കുകയും ടിയാൻ പരിശീലനത്തിൽ തുടരുകയും ചെയ്തു. 1984-85 വർഷത്തെ തസ്തിക നിർണ്ണയത്തിൽ ഒരു കുട്ടിയുടെ കറവ് നിമിത്തം പാർട്ട് ടൈം എൽ.ജി. അറബിക് തസ്തിക നഷ്ടപ്പെട്ടതിനാൽ വകുപ്പുതല പരിശീലന കോഴ്സിനു ശേഷം തസ്തികയില്ല എന്ന കാരണത്താൽ ശ്രീ അബ്ദുൾ വാഹിദ് കുട്ടിയെ ജോലിയിൽ പുനഃപ്രവേശിപ്പിച്ചില്ല.

ശ്രീ അബ്ദുൾ വാഹിദ് കുട്ടി 23/07/1984 മുതൽ 29/09/85 വരെ എൽറ്റിറ്റി പരിശീലന കോഴ്സിൽ ചേർന്ന ഒഴിവിൽ ശ്രീമതി ഐഷാ ബീവിയെ സ്കൂൾ മാനേജർ നിയമിക്കുകയും 1984-85 വർഷത്തെ തസ്തിക നിർണ്ണയത്തിൽ

കുട്ടികളുടെ കുറവ് നിമിത്തം തസ്തിക നഷ്ടപ്പെട്ട സാഹചര്യത്തിൽ ടി നിയമനം കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കുകയും ചെയ്തു. ശ്രീമതി ഐഷാ ബീവി സർക്കാരിൽ റിവിഷൻ ഹർജി ഫയൽ ചെയ്യുകയും 17/11/03-ലെ ജി.ഒ.(ആർ.ടി)നം.4681/03 പ്രകാരം ശ്രീമതി ഐഷാ ബീവിയുടെ റിവിഷൻ ഹർജി അംഗീകരിച്ചു കൊണ്ട് നിയമനംഗീകാരം ലഭ്യമാക്കി ടി കാലയളവിലെ ആനുകൂല്യങ്ങളെല്ലാം ലഭ്യമാക്കുകയും ചെയ്തു.

പിന്നീട് മാനേജർ ശ്രീ. അബ്ദുൾ വാഹിദ് കുട്ടിയെ 01/06/1985 മുതൽ 1985-86 അധ്യയന വർഷത്തിൽ എച്ച്.എസ്.എ.(അറബിക്) പ്രതീക്ഷിത അധികതസ്തികയിൽ ടി സ്കൂളിൽ നിയമിച്ചിരുന്നു. എന്നാൽ 1985-86 വർഷത്തെ തസ്തികനിർണ്ണയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എച്ച്എസ്എ(അറബിക്) തസ്തിക അനുവദിച്ചിരുന്നില്ല. ടി സ്കൂളിൽ എട്ടാം ക്ലാസിൽ മാത്രമേ അറബിക് പഠിപ്പിക്കുന്നുള്ളു എന്നതിനാൽ ഒരു എച്ച്.എസ്.എ പാർട്ട് ടൈം അറബിക് തസ്തിക അനുവദിച്ചിരുന്നു. 01.06.1985 മുതൽ എച്ച്എസ്.എ അറബിക് തസ്തിക വ്യവസ്ഥാപിതമല്ലാത്തതിനാൽ 01/06/1985 മുതൽ 14/07/1986 വരെയുള്ള എച്ച്എസ്എ (അറബിക്) തസ്തികയിലെ നിയമനം പരിഗണനാർഹമല്ലായെന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

5. സർക്കാർ ഇക്കാര്യം ഹർജിക്കാരന്റെയും അഞ്ചാം എതിർകക്ഷിയായ ഹെഡ്മാസ്റ്ററുടെയും വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും വെളിച്ചത്തിൽ വിശദമായി പരിശോധിച്ചു. G.O.(Rt)No.4681/2003/GEDN dated 17.11.2003 പ്രകാരം ശ്രീമതി എ.ഐഷാ ബീവിക്ക് അംഗീകാരം നൽകിയ പാർട്ട് ടൈം എൽ.ജി.(അറബിക്) തസ്തികയിൽ എൽ.ടി.ടി. ട്രെയിനിങ് കഴിഞ്ഞ് വന്ന ഹർജിക്കാരനെ 01.04.1985 മുതൽ വീണ്ടും പ്രവേശിക്കുന്നതിന് അനുമതി നൽകണം, കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ 1985-86 വർഷം ടി സ്കൂളിന് അനുവദിച്ച എച്ച്.എസ്.എ. അറബിക് തസ്തിക നിലനിർത്തി, ടിയാന്റെ ടി തസ്തികയിലെ നിയമനം 01.06.1985 മുതൽ 14.07.1986 വരെ ശമ്പളാനുകൂല്യങ്ങളോടെ അംഗീകരിച്ചു നൽകണം, പാർട്ട് ടൈം എൽ.ജി. അറബിക് ടീച്ചറായി ജോലി ചെയ്ത 14.09.1981 മുതൽ 31.03.1982 വരെയുള്ള കാലയളവ് ഇൻക്രിമെന്റിന് പരിഗണിക്കണം, G.O.(Ms)No. 69/2010/GEDN dated 28.04.2010 ഖണ്ഡിക (2) പ്രകാരം, ടിയാന്റെ 02.07.1984 മുതൽ 31.03.1985 വരെയുള്ള എൽ.ടി.ടി. ട്രെയിനിങ് കാലയളവ് ഇൻക്രിമെൻറിന് പരിഗണിക്കണം എന്നീ ആവശ്യങ്ങളാണ് ടിയാൻ ഉന്നയിച്ചിട്ടുള്ളത്. ടി വിഷയത്തിൽ ശ്രദ്ധയിൽപ്പെട്ട വസ്തുതകൾ ഇവയാണ് :

1. ഹർജിക്കാരനെ 14.09.1981 മുതൽ 31.03.1982 വരെ പാർട്ട് ടൈം എൽ.ജി. അറബിക് ആയി നിയമിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

2. ടിയാനെ വീണ്ടും **01.06.1982** മുതൽ പാട്ട് ടൈം എൽ.ജി. അറബിക് ആയി നിയമിക്കുകയും നിയമനാംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.
3. അതേസമയം, **02.07.1984** മുതൽ **31.03.1985** വരെ ടിയാൻ **G.O.(Ms)No.69/2010/GEDN dated 28.04.2020** പ്രകാരം എൽ.റ്റി.റ്റി. ട്രെയിനിങ് കോഴ്സിന് ഡിപ്പാർട്ട്മെൻറ് ക്വാട്ടയിൽ പങ്കെടുത്തു.
4. **1984-85** വർഷത്തെ തസ്തിക നിർണയത്തിൽ ഒരു കുട്ടിയുടെ കുറവ് മൂലം പാർട്ട് ടൈം എൽ.ജി. അറബിക് തസ്തിക നഷ്ടപ്പെട്ടതിനാൽ, ടിയാനെ കോഴ്സിനു ശേഷം ജോലിയിൽ പുനപ്രവേശിപ്പിച്ചില്ല.
5. ഹർജിക്കാരൻ കോഴ്സിന് ചേർന്ന ഒഴിവിൽ **23.07.1984** മുതൽ **29.09.1985** വരെ ശ്രീമതി. ഐഷാബീവിയെ നിയമിച്ചെങ്കിലും തസ്തിക നഷ്ടത്തെ തുടർന്ന് അംഗീകാരം നൽകിയിരുന്നില്ല.
6. എന്നാൽ ടിയാൾ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചതിനെ തുടർന്ന് **17.11.2003**-ലെ **G.O.(Rt)No.4681/2003** പ്രകാരം **31.03.1985** വരെ എല്ലാ ആനുകൂല്യങ്ങളോടെയും നിയമനാംഗീകാരം നൽകി.
7. ഹർജ്ജിക്കാരനെ **1985-86** വർഷത്തെ പ്രതീക്ഷിത എച്ച്.എസ്.എ. അറബിക് അധികതസ്തികയിൽ **01.06.1985** മുതൽ നിയമിച്ചുവെങ്കിലും, ടി വർഷത്തെ തസ്തിക നിർണയത്തിൽ എച്ച്.എസ്.എ. പാർട്ട് ടൈം അറബിക് തസ്തികയാണ് അനുവദിച്ചത് എന്നതിനാലും എച്ച്.എസ്.എ. അറബിക് തസ്തിക വ്യവസ്ഥാപിതമല്ലാത്തതിനാലും ടിയാന്റെ **01.06.1985** മുതൽ **14.07.1986** വരെയുള്ള നിയമനം പരിഗണനാർഹമല്ല എന്ന് വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്നു.
8. ഹർജിക്കാരൻ ഇതേ ആവശ്യങ്ങൾ ഉന്നയിച്ച് ഫയൽ ചെയ്ത **WP(C)No.15204/2015**-ന്റെ **02.06.2015**-ലെ വിധിന്യായം നടപ്പിലാക്കി പുറപ്പെടുവിച്ചിട്ടുള്ള **03.09.2015**-ലെ **G.O.(Rt)No.3756/2015** പ്രകാരം ടി ആവശ്യങ്ങൾ നിരസിച്ചിട്ടുണ്ട്.
9. ടി സ്കൂളിൽ ഒരു കുട്ടിയുടെ കുറവ് മൂലം റദ്ദാക്കിയ പാർട്ട് ടൈം എൽ.ജി. അറബിക് തസ്തിക **17.11.2003**-ലെ സർക്കാർ ഉത്തരവിന്റെ **(EXT P1)** അടിസ്ഥാനത്തിൽ **1984-85** വർഷത്തിൽ പുനഃസ്ഥാപിച്ചിട്ടുണ്ടെന്നും, **1984-85** വർഷത്തെ തസ്തിക നിർണയ ഉത്തരവിന് **14.07.1985** വരെ സാധ്യതയുള്ളതിനാൽ **LTT** ട്രെയിനിങ് കഴിഞ്ഞ് ടിയാനെ **01.04.1985**-ൽ ഡ്യൂട്ടിയിൽ ചേരുന്നതിന് **part time LG Arabic** തസ്തിക നിലവിലുണ്ടായിരുന്നുവെന്നും, **01.04.1985** മുതൽ **31.05.1985** വരെയുള്ള വെക്കേഷൻ ശമ്പളത്തിന് ടിയാന് അർഹതയുണ്ടെന്നും, **14.09.1981** മുതൽ **31.03.1982** വരെയുള്ള കാലയളവിൽ കെ.ഇ.ആർ. അധ്യായം **XIV A** റൂൾ **61(4)** പ്രകാരം ടിയാന് ഇൻക്രിമെന്റിന് അർഹതയുണ്ടെന്നും എൽ.ടി.ടി. ട്രെയിനിംങ് പീരീഡായ **02.07.1984** മുതൽ **31.05.1986** വരെയുള്ള കാലയളവിലും ഇൻക്രിമെന്റിന് അർഹതയുണ്ടെന്നും, **1985-86**

വർഷത്തിൽ യുപി, എച്ച്എസ് സെക്ഷനുകൾ ചേർത്ത് അറബിക് വിഷയത്തിന് **20** പീരിയഡുകൾ **(U.P.-12, H.S.-8)** ഉള്ളതിനാൽ **KER Chapter XXIII** റൂൾ **12B** പ്രകാരം **HST** അറബിക് തസ്തികയ്ക്ക് അർഹതയുണ്ടെന്നും, **15.07.1986** മുതൽ ടിയാന്റെ എച്ച്.എസ്.എ. അറബിക് നിയമനം അംഗീകരിച്ചിട്ടുണ്ടെന്നും ഹർജിക്കാരൻ വാദിക്കുന്നു.

മേൽ സാഹചര്യത്തിൽ **1984-85** വർഷത്തെ തസ്തിക നിർണ്ണയത്തിൽ നഷ്ടപ്പെട്ട പാർട്ട് ടൈം എൽ.ജി അറബിക് തസ്തിക **G.O.(Rt)No.4681/2003/GEDN dated 17.11.2003** പ്രകാരം പുനഃസ്ഥാപിച്ചിട്ടുള്ളതിനാൽ, എൽ.ടി.ടി ട്രെയിനിങ് കഴിഞ്ഞ് വന്ന ഹർജിക്കാരനെ **01.04.1985** മുതൽ വീണ്ടും ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകിയും, **02.07.1984** മുതൽ **31.03.1985** വരെയുള്ള കാലയളവിൽ ടിയാൻ എടുത്തിട്ടുള്ള അവധിയുടെ സ്വഭാവം തീർച്ചപ്പെടുത്തി ഇൻക്രിമെന്റ് അനുവദിക്കുന്നതിനും, ഹർജിക്കാരൻ **Part Time LG Arabic** ആയി സേവനമനുഷ്ഠിച്ച **14.09.1981** മുതൽ **31.03.1982** വരെയുള്ള കാലയളവിൽ കെ.ഇ.ആർ. അധ്യായം **XIV A Rule 61(4)** പ്രകാരം ഇൻക്രിമെന്റിന് പരിഗണിക്കുന്നതിനും കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കിയും **01.06.1985** മുതൽ എച്ച്.എസ്.എ. അറബിക് തസ്തിക വ്യവസ്ഥാപിതമല്ലാത്തതിനാൽ **01/06/1985** മുതൽ **14/07/1986** വരെയുള്ള എച്ച്.എസ്.എ.(അറബിക്) തസ്തികയിലെ നിയമനം അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ചും അപ്രകാരം കൊല്ലം കുണ്ടറ എം.ജി.ഡി.എച്ച്.എസ് ഫോർ ബോയ്സ്-ലെ എച്ച്.എസ്.എ (അറബിക്) ശ്രീ.അബ്ദുൽ വാഹിദ് കുട്ടി ഫയൽ ചെയ്ത **WP(C)No.38323/2015**-ന്മേൽ ബഹു. ഹൈക്കോടതി **19.03.2024** തീയതിയിലെ വിധിന്യായം നടപ്പിലാക്കി ഉത്തരാവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 17-01-2025 12:27:31

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

മാനേജർ, കുണ്ടറ എം.ജി.ഡി.എച്ച്.എസ്. ഫോർ ബോയ്സ്, കൊല്ലംശ്രീ.അബ്ദുൾ

ശ്രീ.അബ്ദുൾ വാഹിദ് കുട്ടി, നെജിയ മൻസിലിൽ, പെരുമ്പുഴ പി.ഒ , കൊല്ലം

പൊതു വിദ്യാഭ്യാസ (ജെ.എ) വകുപ്പ് (GE-JA3/9/2025-G.EDN dated : 27/03/2025)

ധനകാര്യ (വിദ്യാഭ്യാസ-എ) വകുപ്പ് (3122399/വിദ്യാ-എ1/65/2025-ധന തീയതി - 15/07/2025)

വിവര പൊതുജന സമ്പർക്ക ( വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്